ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.11.2026 **TIME : 07.25 AM**

പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്ന് തുടക്കം; എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
President Droupadi Murmu will arrive in Keralam today on a two-day visit. President will attend various programmes in Ernakulam, Thrissur and Kannur districts.

2. അടിയന്തര സർക്കാർ കാര്യങ്ങൾ പരിഗണിക്കുന്നതിന് ലോക്സഭ സമ്മേളനം ഈ മാസം 30 നും രാജ്യസഭാ സമ്മേളനം ഡിസംബർ രണ്ടിനും ചേരും.
Centre to reconvene Lok Sabha on 30th November and Rajya Sabha on 2nd December to transact essential government business.

3. ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻറെ 25-ാമത് മന്ത്രിതല യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.
India will host the 25th Indian Ocean Rim Association, Council of Ministers Meeting in New Delhi today.

4. രാജ്യത്തെ ആദ്യ സമ്പൂർണ ഇ-മാലിന്യമുക്ത ജില്ലയായി വയനാടിനെ മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് പ്രഖ്യാപിക്കും.

Chief Minister V.D. Satheesan will declare Wayanad as the country's first fully e-waste-free district today.

5. കേരളത്തിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

The India Meteorological Department has forecast continued rainfall in Keralam. Yellow alert have been issued in six districts today. Fishing has been prohibited along the Keralam and Lakshadweep coasts.

6. വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.

India will face Malaysia in the second semi-final of the Women's Hockey Asian Champions Trophy today.

LS/RS - SITTINGS

അടിയന്തര സർക്കാർ കാര്യങ്ങൾ പരിഗണിക്കുന്നതിന് ലോക്സഭ സമ്മേളനം ഈ മാസം 30 നും രാജ്യസഭാ സമ്മേളനം ഡിസംബർ രണ്ടിനും ചേരും. ഇരുസഭകളുടെയും

സമ്മേളനം

ഡിസംബർ മൂന്നിന് അവസാനിച്ചേക്കുമെന്നും പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമത്തിൽ അറിയിച്ചു. ഈ ദിവസങ്ങളിലെ സമ്മേളനത്തിൽ ചോദ്യോത്തരവേള, ശൂന്യവേള എന്നിവ ഉണ്ടായിരിക്കില്ല. പാർലമെന്റിന്റെ ഇരുസഭകളും ഓഗസ്റ്റ് 13 ന് അനിശ്ചിതകാലത്തേക്ക് പിരിയുകയായിരുന്നു.

PRESIDENT KERALA VISIT (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിൽ എത്തും. എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. സന്ദർശനത്തോടനുബന്ധിച്ച് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി കൊച്ചിയിൽ നിന്നും ആകാശവാണി ലേഖിക ഷാമില കെ യൂസുഫ്....

(വോയിസ്)

IORA MEETING + JAISHANKAR MEETINGS

ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻറെ 25 -ാത് മന്ത്രിതല യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. 2025-2027 കാലയളവിൽ IORA-യുടെ അധ്യക്ഷസ്ഥാനം വഹിക്കുന്ന ഇന്ത്യ, "ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ നവീകരണം, തുറന്ന സമീപനം, പ്രതിരോധശേഷി എന്ന പ്രമേയമാണ് മുന്നോട്ടുവെക്കുന്നത്. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സമാധാനം, സ്ഥിരത, സുസ്ഥിര വികസനം എന്നിവയുടെ പ്രാധാന്യം ചർച്ചയാകും. യോഗത്തിൽ പങ്കെടുക്കാൻ ന്യൂഡൽഹിയിൽ എത്തിയ സീഷെൽസ്,മൗറീഷ്യസ്, ശ്രീലങ്ക, എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി - വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ ഇന്നലെ ഉഭയകക്ഷി ചർച്ച നടത്തി.

BAL VIVAH MUKT BHARAT

ബാലവിവാഹമുക്ത ഭാരതം എന്ന ലക്ഷ്യത്തോടെ വനിതാ ശിശുവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയതല പരിപാടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. 2024-ൽ ആരംഭിച്ച ദേശീയ

പ്രചാരണത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് പരിപാടി. ബോധവത്കരണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും ബാലവിവാഹത്തിനെതിരായ പ്രതിജ്ഞ യെടുക്കുന്നതിനും

പ്രത്യേക പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു. ബാലവിവാഹം, നിർബന്ധിത വിവാഹം എന്നിവ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം കൂടിയാണ് ഇന്ന്.

JYOTIRADITYA SCINDIA

2025-26 സാമ്പത്തിക വർഷത്തിൽ തപാൽ വകുപ്പ് ഏകദേശം 16 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. വകുപ്പിന്റെ വാർഷിക വരുമാനം ഏകദേശം 15,500 കോടി രൂപയായി ഉയർന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 2030 ഓടെ തപാൽ വകുപ്പിനെ ലാഭകരമായ സ്ഥാപനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും ശ്രീ.ജ്യോതിരാദിത്യ സിന്ധ്യ വ്യക്തമാക്കി.

TRIPURA-POLLING

ത്രിപുരയിലെ അഗർത്തല മുനിസിപ്പൽ കോർപ്പറേഷൻ ഉൾപ്പെടെ 15 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടെടുപ്പ് ആരംഭിച്ചു. വൈകിട്ട് നാല് വരെയാണ് പോളിങ്. 268 സീറ്റുകളിലേക്കായി 704 പോളിങ് സ്റ്റേഷനുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. മേഖലയിൽ കനത്ത സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി മൻ കീ ബാത്തിലേക്ക് ഇന്ന് കൂടി ആശയങ്ങളും നിർദേശങ്ങളും അറിയിക്കാം. MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ അറിയിക്കാവുന്നതാണ്. 'മൻ കീ ബാത്തിൻറെ 140 -ാം പതിപ്പ് മറ്റെന്നാൾ പ്രക്ഷേപണം ചെയ്യും.

SHIVARAJ SINGH CHOUHAN

നടപ്പു വർഷം രാജ്യത്തെ ഭക്ഷ്യധാന്യ ഉത്പാദനം 378 ദശലക്ഷം ടണ്ണിലധികമെന്ന ചരിത്രനേട്ടം കൈവരിച്ചതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. മുൻ വർഷത്തെ അപേക്ഷിച്ച് 208 ലക്ഷം ടണ്ണിൻറെ വർധനവാണ് ഇത്തവണ ഉണ്ടായത്. തുടർച്ചയായ രണ്ടാം വർഷവും ലോകത്ത് ഏറ്റവും കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന രാജ്യമായി ഇന്ത്യ തുടരുന്നതായി ശ്രീ ചൗഹാൻ വ്യക്തമാക്കി.

WAYANAD -E WASTE-FREE DISTRICT

രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഇ-മാലിന്യമുക്ത ജില്ലയായി വയനാടിനെ മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് പ്രഖ്യാപിക്കും. സർക്കാർ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങളിലൂടെ 1,028 ടൺ ഇ-മാലിന്യമാണ് ശേഖരിച്ചത്. രണ്ട് മാസത്തെ യജ്ഞത്തിലൂടെയാണ് വയനാടിനെ ഇ-മാലിന്യമുക്തമാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയത്.

LEGISLATIVE ASSEMBLY SESSION

16-ആം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കും. ഡിസംബർ 10 വരെ ഒമ്പത് ദിവസമാണ് സഭ സമ്മേളിക്കുക. പൂർണമായും നിയമനിർമാണ കാര്യങ്ങൾക്ക് വേണ്ടിയാണ് സഭാ സമ്മേളനം.

RAIN KERALA

കേരളത്തിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

IFFI (INTRO)

അൻപത്തിഏഴാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ ഗോവയിൽ തിരശീല വീഴും.

കൂടുതൽ വിവരങ്ങളുമായി ഗോവയിൽ നിന്നും ആകാശവാണിയ്ക്കു വേണ്ടി പറക്കോട് ഉണ്ണിക്കൃഷ്ണൻ.

(ഹോൾഡ് - വോയിസ്)

HOCKEY

വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ഭോപ്പാലിൽ വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും. ജപ്പാനും ചൈനയും തമ്മിലാണ് രണ്ടാം സെമി.

CRICKET

ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ ദിനത്തിൽ ന്യൂസിലാൻഡിൻറെ ബാറ്റിംഗ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ ന്യൂസിലൻഡ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 110 റൺസ് എന്ന നിലയിലാണ്. നേരത്തെ ടോസ് നേടിയ ഇന്ത്യ ബൗളിങ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള ആദ്യ ടെസ്റ്റ് സമനിലയിൽ അവസാനിച്ചിരുന്നു.

KALARIPAYAT (INTRO)

19-ാമത് ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ സ്പോർട് അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ ശരത് ചന്ദ്രയാദവ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്യും. മുൻ ലോക ബോക്സിംഗ് ചാമ്പ്യൻ കെ.സി.ലേഖ വിശിഷ്ടാതിഥിയാകും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

CRICKET-ASIA CUP

ദോഹയിൽ നടന്ന ഏഷ്യാ കപ്പ് റൈസിങ് സ്റ്റാർസ് ക്രിക്കറ്റ് ടൂർണമെന്റിന്റെ സെമിഫൈനലിൽ ഇന്ത്യ- എ യെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി ശ്രീലങ്ക- എ ഫൈനലിൽ പ്രവേശിച്ചു. രണ്ടാം സെമിയിൽ പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

AFRICA EBOLA

ആഫ്രിക്കൻ രാജ്യമായ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ 12,000 ത്തിലധികം എബോള കേസുകൾ സ്ഥിരീകരിച്ചു. ചരിത്രത്തിലെ ഏറ്റവും വലിയ എബോള വ്യാപനമാണിതെന്ന് അധികൃതർ അറിയിച്ചു. ഈ വർഷം മേയിലാണ് കോംഗോയിൽ എബോള വ്യാപനം സ്ഥിരീകരിച്ചത്. സായുധ സംഘർഷങ്ങൾ, തെറ്റായ വിവരങ്ങൾ തുടങ്ങിയവ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയാകുന്നുണ്ട്. കെനിയ, നൈജീരിയ, ഉഗാണ്ട എന്നീ രാജ്യങ്ങളിലും എബോള കേസുകൾ സ്ഥിരീകരിച്ചിട്ടുണ്ട്.

WORLD CHESS CHAMPIONSHIP

ജനീവയിൽ നടക്കുന്ന 2026-ലെ ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ നിലവിലെ ലോക ചാമ്പ്യൻ ഡി. ഗുകേഷും ഉസ്ബെക്കിസ്ഥാൻ താരം ജവോഖിർ സിന്ദറോവുമായി നടന്ന മൂന്നാം മത്സരം സമനിലയിൽ അവസാനിച്ചു. ഇതോടെ ഇരുതാരങ്ങളും 1.5 പോയിന്റ് വീതം നേടി. ആകെ 14 ഗെയിമുകളുള്ള മത്സരത്തിൽ ഇനി 11 ഗെയിമുകളാണ് അവശേഷിക്കുന്നത്.